## പതിനാലാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2353** **12.06.2018-ൽ മറുപടിയ്ക്ക്**

**<u>ജി.എസ്.ടി നിലവിൽ വന്നശേഷമുള്ള വരുമാന വർദ്ധനവ്</u>**

| ചോദ്യം<br>ശ്രീ.പി.കെ. ശശി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി നിലവിൽ വന്ന ശേഷം സംസ്ഥാനത്തിന് ലഭ്യമായ വരുമാന വർദ്ധനവ് എത്രയെന്നും എന്തെങ്കിലും വരുമാനചോർച്ച ഏതെങ്കിലും വിഭാഗത്തിൽ നിന്നുണ്ടായിട്ടുണ്ടെങ്കിൽ അവ സംബന്ധിച്ച് നാളിതുവരെയുള്ള സർക്കാർ അവലോകനം എന്താണെന്നും വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി പ്രാപ്യാധിഷ്ഠിത ഉപഭോക്തൃ നികുതി ആയതിനാൽ കേരളത്തെപ്പോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾക്ക് ഗണ്യമായ നികുതി വർദ്ധന ഉണ്ടാകുമെന്നാണ് തുടക്കത്തിൽ പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ആ തരത്തിലുള്ള നികുതി വർദ്ധന ഇതുവരെയും ലഭ്യമായിട്ടില്ല. ഇതിന് പലകാരണങ്ങളുണ്ട്. ജി.എസ്.ടി നടപ്പിലായിട്ട് പത്തുമാസത്തോളമായെങ്കിലും ഇതുവരേയും റിട്ടേൺ ഫയലിംഗ് പൂർണ്ണമായിട്ടില്ല. നിലവിൽ വിശദാംശങ്ങൾ ക്രോഡീകരിച്ച് ലളിതമായ 3 ബി റിട്ടേൺ ആണ് വ്യാപാരികൾ ഫയൽ ചെയ്യുന്നത്. ഇതിൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ഫയൽ ചെയ്യുന്ന റിട്ടേണിന്റെ ആധികാരികത ഉറപ്പുവരുത്തുവാൻ വകുപ്പിന് പരിമിതികളുണ്ട്. കൂടാതെ എസ്.ജി.എസ്.ടി അടയ്ക്കുന്നതിനുപയോഗിക്കുന്ന ഐ.ജി.എസ്.ടി ക്രെഡിറ്റിന്റെ കൃത്യത ഉറപ്പുവരുത്താൻ സംസ്ഥാനത്തിന് സാധിക്കുന്നില്ല. ജി.എസ്.ടി നടപ്പിലായപ്പോൾ വിവക്ഷിച്ചിരുന്ന റിട്ടേണുകളായ ജി.എസ്.ടി.ആർ 1, 2, 3 എന്നിവയിൽ 1 മാത്രമേ ഇതുവരെ നടപ്പിലാക്കിയിട്ടുള്ളൂ. ഇതുപ്രകാരം വ്യാപാരികളുടെ ചരക്കുകൈമാറ്റങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ സംസ്ഥാനത്തിന് ലഭ്യമാകുന്നത് തുലോം പരിമിതമാണ്. ജി.എസ്.ടി.എൻ -ൽ ലഭ്യമായ വിശദാംശങ്ങൾ സംസ്ഥാനങ്ങൾക്ക് കാലപരിമിതിയില്ലാതെ ലഭ്യമാക്കണമെന്നും പൂർണ്ണ റിട്ടേൺ എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കണമെന്നും കേരളം ജി.എസ്.ടി കൗൺസിലിൽ ശക്തമായി ഉന്നയിച്ചിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളുടെ ജി.എസ്.ടി. നിലവിൽ വരുന്നതിനു മുമ്പുള്ള നികുതി പിരിവ് പരിഗണിച്ചാണ് ജി.എസ്.ടി യുടെ റവന്യൂ ന്യൂട്രൽ റേറ്റ് നിശ്ചയിച്ചത്. |

| | | | |
|---|---|---|---|
| | | | ഇത് 28% ആയിരുന്നു. വാറ്റ് കാലഘട്ടത്തിൽ കേരളത്തിന്റെ മൊത്തം വാറ്റ് നികുതി പിരിവിന്റെ 75% ൽ കൂടുതൽ ലഭ്യമായിരുന്നത് 14.5% നികുതിനിരക്കുള്ള ചരക്കുകളിൽ നിന്നായിരുന്നു. 22-ാം ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനത്തെത്തുടർന്ന് 195 ഓളം ചരക്കുകളുടെ നികുതിനിരക്ക് 28% ൽ നിന്ന് 18% ആയി കുറവ് ചെയ്യുകയുണ്ടായി. ഇതും സംസ്ഥാനത്തിന്റെ നികുതി പിരിവ് ഉദ്ദേശിച്ച നിലയിൽ എത്താതിരിക്കുന്നതിനുള്ള ഒരു കാരണമാണ്. കൂടാതെ ജി.എസ്.ടി നടപ്പിലായപ്പോൾ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കുകയുണ്ടായി. ആഗസ്റ്റ് മാസത്തിൽ തന്നെ അന്തർസംസ്ഥാന വ്യാപാരികളുടെ വിവരം ലഭ്യമാകുന്ന ഓൺലൈൻ ഇ.വേ ബിൽ സമ്പ്രദായം നടപ്പിലാക്കുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും ഇത് 2018 ഏപ്രിൽ 1 മുതൽ മാത്രമേ നടപ്പിലായുള്ളൂ. ഇതു കുറയൊക്കെ നികുതിവെട്ടിപ്പിന് കാരണമായിട്ടുണ്ട്. റിട്ടേൺ ഫയലിംഗ് പൂർണ്ണതോതിൽ നടപ്പിലാവുകയും ഇ-വേ ബിൽ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നതോടെ സംസ്ഥാനത്തിന്റെ ജി.എസ്.ടി നികുതി പിരിവ് ഗണ്യമായി വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br>ജി.എസ്.ടി. കോമ്പൻസേഷൻ നിയമപ്രകാരം 2015-16 നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14 % വാർഷിക വർദ്ധനവ് കണക്കാക്കി കേരളത്തിന്റെ ദ്വൈമാസ നികുതി 3644 കോടി രൂപയായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആഗസ്റ്റ് 2017 മുതൽ മാർച്ച് 2018 വരെയുള്ള കാലയളവിലേയ്ക്ക് കേരളത്തിന് നഷ്ടപരിഹാരമായി 2838 കോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ വാറ്റ് നികുതി പിരിവ് വർദ്ധന ശരാശരി 12% ആണെന്നിരിക്കെ ജി.എസി.ടി യിൽ 14% നിരക്കിൽ നഷ്ടപരിഹാരം ലഭ്യമായതിനാൽ ജി.എസ്.ടി. നടപ്പിലാക്കിയത് സംസ്ഥാനത്തിന്റെ ധനകാര്യസ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് പറയാൻ സാധ്യമല്ല. |
| (ബി) | സംസ്ഥാന ധനകാര്യ വകുപ്പ് കണക്കുപ്രകാരം ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കേണ്ട കച്ചവടക്കാർ എത്രയെന്നും അവരിൽ എത്ര പേർ നാളിതുവരെ രജിസ്ട്രേഷൻ | (ബി) | വാറ്റിൽ നിന്നും വ്യത്യസ്തമായി ജി.എസ്.ടി യിൽ 20 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ള വ്യാപാരികൾക്ക് മാത്രമേ രജിസ്ട്രേഷന് ബാധ്യതയുള്ളൂ. അന്തർ സംസ്ഥാന വിൽപ്പന നടത്തുന്ന വ്യാപാരികൾക്ക് വിറ്റുവരവ് പരിധിയില്ലാതെ രജിസ്ട്രേഷന് ബാധ്യതയുണ്ട്. നിലവിൽ വാററ് രജിസ്ട്രേഷൻ ഉണ്ടായിരുന്ന |

| | | | |
|---|---|---|---|
| | നേടിയെന്നും അപേക്ഷകർ എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | | വ്യാപാരികളിൽ 99% ത്തോളം വ്യാപാരികൾ ജി.എസ്.ടി യിലേക്ക് മൈഗ്രേറ്റ് ചെയ്തിട്ടുണ്ട്. |
| (സി) | ഇവരിൽ കോമ്പോസിഷൻ സ്കീമിൽ ഉൾപ്പെട്ട വ്യാപാരികൾ എത്ര; അവർ ഉപഭോക്താക്കളിൽ നിന്നും നികുതി ഈടാക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേരെ ഇപ്രകാരം കണ്ടെത്തി നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (സി) | രജിസ്ട്രേഷൻ എടുത്തിട്ടുള്ള കച്ചവടക്കാരിൽ 49,256 വ്യാപാരികൾ കോമ്പോസിഷൻ സ്കീം സ്വീകരിച്ചിട്ടുണ്ട്. കോമ്പോസിഷൻ സ്കീം സ്വീകരിച്ചിട്ടുള്ള വ്യാപാരികൾ നികുതി ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ജി.എസ്.ടി. നടപ്പാക്കിയശേഷം നാളിതുവരെ കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകേണ്ട തുക എത്രയെന്ന് വ്യക്തമാക്കുമോ? | (ഡി) | ജി.എസ്.ടി. യിൽ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള കോമ്പൻസേഷൻ ദ്വൈമാസക്കണക്കിലാണ് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നത്. ഇതനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തിലെ കോമ്പൻസേഷൻ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>മാസം — കോമ്പൻസേഷൻ<br>ജൂലൈ - ആഗസ്റ്റ് — 810.00 കോടി<br>സെപ്റ്റംബർ - ഒക്ടോബർ — 395.00 കോടി<br>നവംബർ - ഡിസംബർ — 736.00 കോടി<br>ജനുവരി - ഫെബ്രുവരി — 567.00 കോടി<br>മാർച്ച് — 330.00 കോടി<br>എന്നാൽ സംസ്ഥാനത്തിന്റെ എസ്.ജി.എസ്.ടി വരുമാനവും നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റ് അവലംബിച്ച തുകയും തമ്മിൽ ചില വ്യതിയാനങ്ങൾ കാണപ്പെട്ടതിനാൽ കൂടുതൽ നഷ്ടപരിഹാരം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ